# മുകുളം



## ജി.വി,എച്ച്.എസ്.എസ്,
## അരിമ്പ്ര

# എഡിറ്റോറിയൽ



സാങ്കേതിക വിദ്യയുടെ പുതിയലോകമാണ് ലിറ്റിൽകൈറ്റ്സ് ക്ളബ് തുറന്നിടുന്നത് .

എഴുത്തും വായനയും ഡിജിറ്റൽ ആയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിനുകൾ ഏറെ പ്രാധാന്യം അർഹിക്കുന്നു. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് ക്ളബ്ബിനും പങ്കുണ്ട്.

ഉയർന്ന്
പറക്കുന്ന പട്ടങ്ങളെപ്പോലെ
അറിവിന്റെ പുത്തൻ മേഖലകൾ തേടി
ഉയർന്ന് പറക്കാൻ ഈ സംരംഭം സഹായകമാകട്ടെ.

കൈറ്റ്സ് മാസ്റ്റർ :അജീഷ് പി കെ

കൈറ്റ്സ് മിസ് ട്രസ് :പ്രിജി എസ്

# ആശംസ

നൂതന സാങ്കേതിക വിദ്യയുടെ ഈ കാലത്ത് സ്ക്കുളുകളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പ്രാധാന്യം അർഹിക്കുന്നു.ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ സംരംഭം സർഗാത്മകതയുടെ പുതിയ തുടക്കമാവട്ടെ എന്ന്
ആശംസിക്കുന്നു.

**സലാവുദ്ദീൻ പുല്ലത്ത്**
**ഹെഡ്മാസ്റ്റർ**
**ജി.വി.എച്ച്.എസ്.എസ്**
**അരിമ്പ്ര**

# എഡിറ്റോറിയൽ ബോർഡ്


ഷാഹുൽ ഫർഹാഷ്
ഷാദിൽ മുഹമ്മദ്
ലിയ കുരിക്കൾ
ഗോപിക
ഫാത്തിമ നശ്‌വ
ഫാത്തിമ ഷംന
അജീഷ്
പ്രിജി

# ഉള്ളടക്കം

സ്ക്കുൾ ചരിത്രം

പ്രൊജക്ട് അനുഭവക്കുറിപ്പ്–നിദ സാലിഹ്

ലേഖനം–ഷംന ഷെറിൻ

ഇംഗ്ളീഷ് കവിത–ഷാദിൽ മുഹമ്മദ്

ചലച്ചിത്ര നിരൂപണം–ഷീജ.സി.കെ

പുസ്തക നിരൂപണം–പ്രിജി

യാത്രനുഭവം–ഗോപിക

കവിത–ഷീബ

ലേഖന–ഫാത്തിമ ഷഹ്മ

റിപ്പോർട്ട്–ജെ.ആർ.സി

റിപ്പോർട്ട്–ചിത്രപ്രദർശനം

സ്ക്കുൾ പ്രവർത്തനങ്ങൾ

# സ്കൂൾ ചരിത്രം




മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ ചാരുതയിൽ തലയുയർത്തി നിൽക്കുന്ന മലയോരപ്രദേശമാണ്അരിമ്പ്ര.സാമൂഹികമായിഏറ്റെപിന്നോക്കം നിന്നിരുന്ന അരിമ്പ്രയുടെ വികസനത്തിൽ സുപ്രധാന പങ്ക വഹിക്കാൻ ജി.വി,എച്ച്.എസ്.എസ്,അരിമ്പ്ര എന്ന ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. 1974ൽആരംഭിച്ചഹൈസ്കൂൾഈപ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്ക് നിർണായകമായ പങ്ക വഹിച്ചു.ഈ കലാലയം പഠന പാഠ്യേപര പ്രവർത്തനങ്ങളിലും ഏറെ മുന്നിലാണ്.മികച്ച പഠനനിലവാരവും ഭൗതികസാഹചര്യങ്ങളുംഉള്ള ഈ വിദ്യാലയത്തിന് മികച്ച പി.ടി.എ.യ്ക്കുള്ള പ്രഥമ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 2017മുതൽ ഇവിടെ ഇംഗ്ളീഷ്മീഡിയംക്ളാസുകളും പ്രവർത്തിച്ചു വരുന്നു. 2015 മുതൽ SSLC വിജയം നൂറ് ശതമാനമാണ്.ശ്രീ.സലാവുദ്ദീൻപുല്ലത്ത്ആണ്ഇപ്പോൾ ഹെഡ്മാസ്റ്റർ.

# ലിറ്റിൽ കൈറ്റ്സ് ഫീൽഡ് ട്രിപ്പ്



പത്താം ക്ലാസ് ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രൊജക്റ്റ് വർക്കിനോട് അനുബന്ധിച്ച് അരിമ്പ്ര മലയിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തി.ക്വാറികളുടെ പ്രവർത്തനവും അത് പ്രകൃതിക്കുണ്ടാക്കുന്ന ദോഷങ്ങളും നേരിട്ട് നിരീക്ഷിക്കുകയായിരുന്നു ലക്ഷ്യം.ധാരാളം ആളുകൾ അവിടെ താമസിക്കുന്നുണ്ട്.നിരവധി ഏക്കറുകളിലായി വ്യാപിച്ചു കിടക്കുന്ന ക്വാറികളും ഉണ്ട്.വൻ ഭീഷണിയാണ്ഇവ സൃഷ്ടിക്കുന്നത്.ജലക്ഷാമം,വീടുകൾക്ക് വിള്ളൽ, അമിതമായചൂട്,പൊടിശല്യംമൂലം ഉണ്ടാകുന്ന അസുഖങ്ങൾഎന്നിവയെക്കുറിച്ച് തദ്ദേശവാസികൾ പറഞ്ഞു.സ്വാഭാവികമായപ്രകൃതിക്ക് വളരെയേറെ കോട്ടം തട്ടിയിട്ടുണ്ട്.നിയമങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടാണ് ഇതെല്ലാം നടക്കുന്നത്.സമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധ ഇതിലേക്ക് തിരിയേണ്ടിയിരിക്കുന്നു



നിദസാലിഹ്
10 എ

## ഭാഷയുടെ പ്രാധാന്യം

ഭാഷയെന്നത് വ്യക്തികളെ തമ്മിൽ ബന്ധിപ്പിക്കുന്നു.ഓരോ ഭാഷയും
വ്യത്യസ്തമാണ്.ഓരോ ഭാഷയ്ക്കും അതിന്റേതായ തനിമയും ഉണ്ട്.

മലയാളഭാഷ തമിഴിൽ നിന്നും ,സംസ്കൃതത്തിൽ നിന്നും രൂപം
കൊണ്ടതാണെന്ന വ്യത്യസ്ത വാദങ്ങൾ ഉണ്ട്.
ഒരു വ്യക്തിയുടെ സമഗ്രമായ
വികാസത്തിൽ
മാതൃഭാഷയ്ക്ക് സവിശേഷ പ്രാധാന്യം ഉണ്ട്.

**ഷംന ഷെറിൻ**
**9 ബി**

# BIRD

I Saw birds flying
And thought how happy those birds were
They have no worries
No sorrows
When the sky darkens
They fly to their nests
Perfectly happy and delighted
If I were a bird flying in the sky
With colourful wings
I will get time to enjoy this beautiful world

***SHADIL MUHAMMED***
***9 A***

# ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ ഉയർത്തുന്ന സ്ത്രീപക്ഷ കാഴ്ചകൾ

ആണധികാര പ്രമത്തതയുടേയും അനാചാരജഡിലമായ കാഴ്ച്ചപ്പാടുകളുകളുടേയും മേലെ പുളിച്ച നാറിയ അഴുക്കുവെള്ളം ഊക്കോടെ കോരിയൊഴിക്കുന്ന സിനിമയാണ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്ന് ഒറ്റ വാചകത്തിൽ പറയാം.പരമ്പരാഗതമായി സംവിധാനം ചെയ്യുകയും ആണങ്ങൾക്ക് മാത്രം പ്രിവിലേജുകൾ അനുവദിക്കുകയും ആ പ്രിവിലേജുകൾ ഒന്നൊഴിയാതെ സംരക്ഷിക്കപ്പെടാൻ എന്തു ത്യാഗവും സഹിക്കാവുന്ന വിധത്തിൽ സ്ത്രീയെ മോൾഡ് ചെയ്യപ്പെടുകയും ചെയ്ത ഒരു കുടുംബ/ സാമൂഹ്യ വ്യവസ്ഥയാണ നമുക്ക്ക്കുള്ളത്. പാട്രിയാർക്കൽ വ്യവസ്ഥിതിയിൽ ജീവിച്ച് പരിചയിച്ച് സ്ത്രീകളും ആ വ്യവസ്ഥയോട് ഒട്ടിച്ചേരുകയും അതു തന്നെയാണ ശരി എന്നു ധരിച്ച പോവുകയും അതിനൊത്ത് പ്രവർത്തിക്കുകയും ചെയ്യുന്നത്ര ശക്തമാണത്.അതുകൊണ്ടു തന്നെയാണ് ഈ കാലത്തും പെൺസ്വാതന്ത്ര്യത്തിനെതിരായി ആണങ്ങളോടൊപ്പം കുറഞ്ഞ അളവിലെങ്കിലും പെണ്ണുങ്ങളും ഇടപെടുന്നത് എന്നു നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. പെണ്ണു കാണുക, പെണ്ണു കെട്ടുക തുടങ്ങിയ പദങ്ങളിലെല്ലാം തന്നെ മെയിൽ ഷോവനിസത്തിന്റെ അടയാളങ്ങളുണ്ട്. വാങ്ങാൻ / സ്വന്തമാക്കാൻ പോകുന്ന ഒരാൾക്ക് അധികാര ഭാവമുണ്ടാകും. സ്വന്തമാക്കി കൊണ്ടു വരുന്നത് അവനും അവളും ഉണ്ടാക്കിയെടുക്കുന്ന ഒരു പൊതു ഇടത്തിലേയ്ക്കുമല്ല. നേരത്തെ സൂചിപ്പിച്ച ആണധികാരത്തിന്റെ / പ്രിവിലേജുകളുടെ ഒരു സാമ്രാജ്യത്തിലേയ്ക്കാണ്. മാത്രവുമല്ല വാങ്ങിയവൻ/ സ്വന്തമാക്കിയവൻ അധികാരിയും യജമാനനുമാകുന്നു.അവിടെ എത്തിപ്പെടുന്നവൾ അനുസരിക്കേണ്ടവൾ ആയി മാറുന്നു.

അവനും അവളും തൊഴിലെടുക്കുന്നവരും ഒരുമിച്ചു ജീവിക്കാൻ രണ്ടു പേരും കൂടിയൊരുക്കുന്ന ഒരു പൊതു ഇടം ഉണ്ടാവുകയും വേണം ഇനിയുള്ള കാലമെങ്കിലും. സ്വത്തിൽ കൂടി ജീവിതാരംഭം മുതൽ അവൾക്ക് അവകാശമുണ്ടാവട്ടെ.ലൈംഗികതയിലുള്ള സ്വാഭിപ്രായം പോലും അവളെ പ്രതിസ്ഥാനത്തു നിർത്തുന്നു. അതിന്റേയും അട്ടിപ്പേറവകാശം പുരുഷനുതന്നെയാണസമൂഹംകൽപിച്ചുകൊടുത്തിരിക്കുന്നത്.പല തലമുറകളായി പലയാവർത്തി പാലിച്ചു പോകുന്ന ജീവിതക്രമങ്ങൾ മാതമാണ ഇന്നും പല കുടുംബങ്ങളിലുമുള്ളത്. ഭാര്യയായി വന്നെത്തിയവൾ അത് തിരുത്താൻ ശ്രമിച്ചാൽ എന്റെ വീട് എന്റെ ഇഷ്ടം എന്റെ അധികാരം എന്ന ദാർഷ്ട്യം ശക്തമായി പുറത്തു ചാടും.പുരുഷന്റെ തെറ്റിനും സോറി പറയേണ്ടത് അവളാണല്ലോ! പേരില്ലാതെ സിനിമയിലവതരിപ്പിക്കപ്പെടുന്ന നായിക ഒരുപാടു സ്ത്രീകളുടെ പ്രതിനിധിയാണ്. കോലായിൽ ചെരുപ്പിനും ചായയ്ക്കും പേസ്റ്റ് തേച്ച ബ്രഷിനും കാത്തിരിക്കുന്ന അച്ഛൻ ആണധികാരത്തിന്റെ/ പ്രിവിലേജുകളുടെ മൂർത്തിമദ്ഭാവവും.

അടുക്കളയിലെ ചോർന്നൊലിക്കുന്ന വാഷ്ബേസിനും വേസ്റ്റ് ബക്കറ്റും പൂമുഖക്കോലായിലെ ചുമരിൽ തൂങ്ങുന്ന അനേകം ചിത്രങ്ങളുമടക്കം കഥാഗതിയെ മുന്നോട്ടു നയിക്കുന്ന ശക്തമായ അനേകം ബിംബങ്ങളുണ്ട് സിനിമയിൽ. കഥയുടെ വൈകാരിക തീവ്രത ഒട്ടും ചോർന്നു പോകാതെ അവതരിപ്പിക്കാൻ നിമിഷ സജയൻ എന്ന അഭിനേത്രിക്ക് കഴിഞ്ഞിട്ടുണ്ട്.സ്ഥിരം കോമഡി കോപ്രായങ്ങളിൽ നിന്നു മാറി സുരാജ് വെഞ്ഞാറമൂട് തെളിഞ്ഞഭിനയിച്ചിരിക്കുന്നു. തൊട്ടാൽ പൊള്ളുന്ന രാഷ്ട്രീയ / ആത്മീയ വിഷയങ്ങളെ സിനിമയുമായി ചേർത്തു വെയ്ക്കാൻ അപാരമായ ധൈര്യം കാണിച്ച സംവിധായകനും എഴുത്തുകാരനുമായി ജിയോ ബേബി അക്ഷരാർത്ഥത്തിൽ പ്രശംസയർഹിക്കുന്നു
.

ഒരു സിനിമയ്ക്ക് സമൂഹത്തിൽ എന്തു മാറ്റം വരുത്താൻ സാധിക്കും എന്ന ചോദ്യമുണ്ട്. ആണധികാരത്തിന്റെ കോലായകളും പെൺതടവറകളായി പരിണമിച്ച പോയ അടുക്കളും നമ്മുടെ വീടുകളിൽ നിന്ന് പൊളിച്ചുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പുരോഗമന ചെരിപ്പുകളിടുന്നവർ ((സൌകര്യപൂർവം) അകത്തേയ്ക്ക് കയറുമ്പോൾ അഴിച്ചു വെയ്ക്കുകയും പുറത്തേയ്ക്കിറങ്ങുമ്പോൾ എടുത്തണിയുകയും ചെയ്യുന്നവർ) ഈ സിനിമ ഒറ്റത്തവണയെങ്കിലുമൊന്നു കാണണം.

# ആനഡോക്ടർ -പുസ്തകാവലോകനം

ഓരോ കാൽവെയ്പ്പിലും  കാടിനെ നോവിക്കാതെ കടന്നുപോകണം എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കുഞ്ഞുപുസ്തകമുണ്ട്,ജയമോഹന്റെ ആനഡോക്ടർ.പുസ്തകത്തിന്റെ പുറന്താൾ കിറിപ്പിൽ ശ്രീ.കൽപ്പറ്റ നാരായണൻ പറഞ്ഞതുപോലെ കാട്ടിലേക്കുള്ള ഈ "തീർത്ഥാടനത്തിനു
ശേഷം കാട് എനിക്കു പഴയ കാടല്ല.ഉന്നതമായ അർഥത്തിൽ കാടുകാട്ടുന്ന നോവൽ."

മലയാളിയായ തമിഴ് സാഹിത്യകാരൻ എന്ന് ജയമോഹനെ വിശേഷിപ്പിക്കാം.മാതൃഭാഷ മലയാളമാണെങ്കിലും നൂറ്റിയിരുപതിലധികം കൃതികൾ അദ്ദേഹം തമിഴിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.മൃഗഡോക്ടറായ ഡോ.വി.കൃഷ്ണമൂർത്തിയുടെ ജീവിതത്തെ ആസ്പദമാക്കിയാണ് ഈ നോവലിന്റെ രചന.കാടിന്റെ ആത്മാവ് കണ്ടെത്തിയ ഒരു ഡോക്ടർ.അദ്ദേഹത്തിന്റെ ചികിത്സാനുഭവങ്ങൾ നോവലിന്റെ പലഭാഗത്തും കടന്നു വരുന്നു.പത്തനംതിട്ട ഗവിയിലെ മുൻ ഫോറസ്റ്റ് ഓഫീസറായിരുന്ന ബഷീർ പറഞ്ഞു കൊടുത്ത വിവരങ്ങൾ വെച്ചാണ് ജയമോഹൻ ഡോ.കെ യുടെ ജീവിതം ആവിഷ്കരിക്കുന്നത്.ആനകൾക്കായി ജീവിച്ച ഒരു മൃഗഡോക്ടറായിരുന്ന അദ്ദേഹം.1953നും1956 നുംഇടയിൽ അദ്ദേഹം 18 ആനകളുടെ ജഡം പരിശോധിച്ചു.അതിൽ 12 എണ്ണവും മരണപ്പെട്ടത് മനുഷ്യന്റെ ക്രൂരതകൾമൂലമാണെന്ന് കണ്ടെത്തുകയും ചെയ്തു.വന്യമൃഗങ്ങൾ ചാവുമ്പോൾപോസ്റ്റ്മോർട്ടം വേണം എന്നാവശ്യപ്പെട്ട വ്യക്തിയാണ് അദ്ദേഹം. അതിൽ വിജയിക്കുകയും ചെയ്തു.

കാലിൽ കുപ്പിച്ചില്ലു കൊണ്ട് വ്രണം പഴുത്ത ഒരു ആനയെ അദ്ദേഹം ചികിൽസിച്ച അനുഭവം നോവലിൽ കടന്നുവരുന്നുണ്ട്.നോവലിലെഏറ്റവും സുന്ദരമായ ഭാഗവും അതാണ്.വനവാസികളായ കുറുമ്പർവിവരം അറിയിച്ചതിനെ തുടർന്നാണ് ഡോക്ടർ അവിടെ എത്തുന്നത്.കാലിലെ പഴുത്ത വ്രണത്തിന്റെ വേദന കാരണം ഒരു മരത്തിൽചാരിയാണ് ആന നിൽക്കുന്നത്.ആനയെ കൃത്യമായി നോക്കിഅതിന്റെ ഭാരം നിർണയിച്ച് അതിനനുസരിച്ചാണ് ഡോ.കെ അതിനെ മയക്കാനുള്ള മരുന്ന് കൊടുക്കുന്നത്.ഉപദ്രവിക്കാൻ വന്നതല്ല  എന്ന് കൂടെയുള്ള മറ്റാനകളെ മനസ്സിലാക്കിക്കൊടുക്കാനും അദ്ദേഹത്തിന്കഴിഞ്ഞു.കൃത്യമായ ശിശ്രൂഷയ്ക്കു ശേഷം ആനകൾ നന്ദി പറഞ്ഞുപോകുന്നരംഗം നമ്മെ അത്ഭുതപ്പെടുത്തും.

സുഹൃത്തായ ബഷീർ പറഞ്ഞുകൊടുത്ത വഴികളിലൂടെയാണ് ജയമോഹൻ ഡോ.കെ യെ ആവിഷ്കരിച്ചിരിക്കുന്നത്.എങ്കിലും ആനകളെ വളരെ അടുത്തറിഞ്ഞ ഒരാൾക്കേ ഇതുപോലെ ഒരു പുസ്തകം രചിക്കാൻ കഴിയൂ.വളരെ ചെറിയ ഈ പുസ്തകം കാടിനോട് മനുഷ്യൻ ചെയ്യുന്ന കൊള്ളരുതായ്മകളെക്കുറിച്ച് ഏറെ തിരിച്ചറിവുകൾ നൽകുന്നു

പ്രിജി എസ്
എച്ച്.എസ്.ടി.മലയാളം

# ചിത

കരിഞ്ഞു കഴിഞ്ഞൊരാ വൃക്ഷശാഖികളും
എരിഞ്ഞു തീരുന്നൊരാ മാംസ പിണ്ഡങ്ങളും
വെറുതെ പുകയുന്ന പുൽത്തലപ്പുകളുമാ -
ത്രൂക്ഷമാം ഗന്ധം തങ്ങി നിറയ്ക്കുന്നതത്ര ഭുവനത്തിങ്കൽ
വിജനമീ വഴിത്താരയിം ഞാനും മാത്രം
ഏകയായ് തീരുന്നല്ലോ ഒടുവിൽ ഇങ്ങനെയോ
ഇനിയെന്തന്നതിനുത്തരമില്ലാതെ ഞാൻ
എന്തിനോ കാതോർക്കുന്നീ രാപ്പകലുകളിലും
ഇതെൻ സ്വപ്നങ്ങൾ തൻ ചിത
നോവിൻ കനൽക്കുമ്പാരത്തിലൊരു തരി
ബാക്കിയെങ്കിൽ അർഥപൂർണമീ ജീവിതം
അനന്തരശോഭപൂരിതമാകയാൽ

**ഷീബ**
**എച്ച് .എസ്.ടി.ഇംഗ്ലീഷ്**

# ഫീൽഡ് ട്രിപ്പ്




അരിമ്പ്ര ജി.വി.എച്ച് എച്ച്.എസ്.എസ് ,ജെ .ആർ.സി അംഗങ്ങൾ ഫറോക്ക് വൃദ്ധസദനംസന്ദർശിച്ചു.കുട്ടികൾഅന്തേവാസികളോടൊപ്പംമൂന്നുമണിക്കൂറോളം ചെലവഴിച്ചു.കുട്ടികൾ പാട്ടുപാടുകയും വിവിധകലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.തയ്യാറാക്കി കൊണ്ടുപോയ ഉച്ചഭക്ഷണം കുട്ടികൾ അന്തേവാസികളോടൊപ്പം കഴിച്ചു.വിദ്യാർഥികളും ചിത്രകലാധ്യാപകൻ അജീഷും അന്തേവാസികളുടെ പോർട്രയിറ്റ് വരച്ചു കൊടുത്തു.കുട്ടികൾക്ക് ഈ യാത്രവേറിട്ട ഒരു അനുഭവമായിരുന്നു.സാഹിറ,ജമീല,ഷീബ,മൊയ്തീൻ എന്നീ അധ്യാപകർ നേതൃത്വം നൽകി.

# ചിത്രകലാ പ്രദർശനം

ബേപ്പൂർ നടുവട്ടത്ത് ഒരുക്കിയ ചിത്രകലാ പ്രദർശനം അരിമ്പ്ര ഗവ.ഹൈസ്കൂളിലെ ആർട്സ് ക്ലബ് അംഗങ്ങൾ ആസ്വദിച്ചു.തൽസമട പെയിന്റിങ്,കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ കൗതുകത്തോടെയാണ് വിദ്യാർഥികൾ വീക്ഷിച്ചത്.നെയ്ത്ത് നേരിൽ കണ്ടതും വേറിട്ട അനുഭവമായി. കുരുത്തോല കൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണവും കൗതുകമുണർത്തി.കുട്ടികൾ വിദേശകലാകാരൻമാരുമായി സംവദിച്ചു.






ART EXHIBITION
BY
GVHSS ARIMBRA
30-01-2023
-DONE BY-



